## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2899 — 13.03.2018- ൽ മറുപടിയ്ക്ക്

## ഗാർഹിക കീടനാശിനികൾ

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഗാർഹിക കീടനാശിനികൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങൾ കടകളിൽ മറ്റ് ഭക്ഷ്യ ഉപയോഗ വസ്തുക്കൾക്കൊപ്പം പ്രദർശിപ്പിക്കുവാനും സൂക്ഷിക്കുവാനും പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) ഗാർഹിക കീടനാശിനി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കീടനാശിനികൾ ഉപഭോഗ വസ്തുക്കൾക്കൊപ്പം സൂക്ഷിക്കുന്നതും വില്പന നടത്തുന്നതും കീടനാശിനി നിയമം, 1968 പ്രകാരം ചട്ടവിരുദ്ധമാണ്. എന്നാൽ താരതമ്യേന സുരക്ഷിതമായ പാക്കറ്റുകളിൽ തയ്യാറാക്കി വിപണനം ചെയ്യുന്ന ഗാർഹിക കീടനാശിനി വിഭാഗത്തിൽ ഉൾപ്പെടുന്ന ഉല്പന്നങ്ങൾ, കടകളിൽ മറ്റു ഉപഭോഗ വസ്തുക്കൾക്കൊപ്പം സ്റ്റോക്ക് ചെയ്യുന്നതിനും വില്പന നടത്തുന്നതിലും ഇളവ് അനുവദിച്ചിട്ടുണ്ട്. ഈ പഴുത് ഉപയോഗിച്ച് ഷോപ്പുകളിൽ യാതൊരു നിയന്ത്രണവുമില്ലാതെ ഗാർഹിക കീടനാശിനികളുടെ വില്പന നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത്തരം കീടനാശിനികളുടെ വിപണനത്തിൽ, കൃഷി വകുപ്പ് ഇപ്പോൾ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം, ഗാർഹിക കീടനാശിനികൾ വിറ്റഴിക്കുന്ന ഷോപ്പുകളിൽ, അവ ഭക്ഷ്യ ഉപഭോഗ വസ്തുക്കൾക്കൊപ്പം സ്റ്റോക്ക് ചെയ്യുകയോ പ്രദർശിപ്പിക്കുകയോ പാടില്ലെന്നും കീടനാശിനികൾക്കു മാത്രമായി സുരക്ഷിതമായ പ്രത്യേക റാക്ക് സംവിധാനം ഒരുക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഗാർഹിക കീടനാശിനി വിഭാഗത്തിൽ വരുന്ന വസ്തുക്കൾ വിൽക്കുന്നതിന് ലൈസൻസിംഗ് ഓഫീസറിൽ നിന്നും അനുമതി തേടേണ്ടതുണ്ടോ; | (ബി) കേന്ദ്ര സർക്കാരിന്റെ കീടനാശിനി നിയമം 1968 പ്രകാരം കീടനാശിനി വില്പനയ്ക്ക് ലൈസൻസ് നിർബന്ധമാണ്. എന്നാൽ കാർഷികാവശ്യങ്ങൾക്കുള്ള കീടനാശിനികളെപ്പോലെ ഇക്കാര്യത്തിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നില്ല. സംസ്ഥാനത്ത് കീടനാശിനി കളുടെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഗാർഹിക കീടനാശിനികളുടെ വില്പനയ്ക്ക് കൂടുതൽ നിയന്ത്രണം |

ഏർപ്പെടുത്തുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ഗാർഹിക കീടനാശിനി മൊത്ത വിതരണക്കാരും അവയുടെ വിതരണത്തിന് ലൈസൻസ് നേടിയിരിക്കേണ്ടതാണ്. എന്നാൽ ആദ്യഘട്ടത്തിൽ, റീട്ടെയിൽ ഷോപ്പുകൾക്ക് ഈ നിബന്ധന ബാധകമാക്കിയിട്ടില്ല. റീട്ടെയിൽ ഷോപ്പുകൾ, തങ്ങളുടെ വിതരണക്കാർക്ക് ലഭിച്ചിട്ടുള്ള ലൈസൻസിന്റെ പകർപ്പ് ഷോപ്പുകളിൽ പ്രദർശിപ്പിക്കണമെന്നു മാത്രമാണ് ഇപ്പോൾ നിഷ്കർഷിച്ചിട്ടുള്ളത്.

(സി) കൃഷി വകുപ്പിന്റെ കീഴിലാണോ ഈ (സി) വിഭാഗം നിലവിൽ പ്രവർത്തിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

കേന്ദ്രസർക്കാരിന്റെ കീടനാശിനി നിയമം 1968, കീടനാശിനി ചട്ടങ്ങൾ 1971 എന്നിവ പ്രകാരം, കീടനാശിനികളുടെ ഉല്പാദനത്തിനും വിതരണത്തിനും വില്പനക്കുമുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള ചുമതല സംസ്ഥാന കൃഷി വകുപ്പിൽ നിക്ഷിപ്തമായിട്ടുണ്ട്. ഗാർഹിക കീടനാശിനികളുടെ നിയന്ത്രണവും നിലവിൽ കൃഷി വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. സംസ്ഥാനതലത്തിൽ കീടനാശിനി വിതരണ ലൈസൻസ് അനുവദിക്കുന്നതിനുള്ള ചുമതല, കൃഷി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (പ്ലാന്റ് പ്രൊട്ടക്ഷൻ) ക്കാണ്. ജില്ലാതലത്തിൽ, പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&ടി) ജില്ലാതല ലൈസൻസിംഗ് ഓഫീസറായും കൃഷിഭവനുകളിലെ സാങ്കേതിക യോഗ്യതയുള്ള കൃഷി ഓഫീസർമാർ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായും പ്രവർത്തിക്കുന്നു.

[signature]

**സെക്ഷൻ ഓഫീസർ**